# കുട്ടികള്‍ക്കായുള്ള ബൈബിള്‍

അവതരണം



## സഭയുടെ ജനനം

എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത് : Ruth Klassen

Alastair Paterson

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children

www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2020 Bible for Children, Inc.

കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

ഒരിക്കലും വിൽക്കരുത്.



യേശു മരിച്ചപ്പോൾ അവന്റെ അനുയായികൾ ഭയപ്പെട്ട് ഓടിയൊളിച്ചു. യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റശേഷം തന്റെ ശിഷ്യന്മാർക്കു തന്നെ സ്വയം വെളിപ്പെടുത്തി. യേശു ജീവനുള്ളവനായിരുന്നു. എന്നാൽ യേശു അവരെ വിട്ടുപോകാനിരിക്കയായിരുന്നു. അവൻ സ്വർഗത്തിലേക്കാണ് പോകുന്നത്. അവിടെ തന്റെ പിതാവായ ദൈവത്തോടൊപ്പം അവൻ എല്ലായ്പ്പോഴും വസിച്ചിരുന്നു.



അവൻ
പോകുംമുമ്പ്
തന്റെ
അനുയായികൾക്ക്
ഒരു വാഗ്ദത്തം
കൊടുത്തു, അവർക്ക് സഹായിയും
കാര്യസ്ഥനുമായി ദൈവത്തിന്റെ
ആത്മാവിനെ അയയ്ക്കും (യോഹന്നാൻ 15:26).

സമയം അടുത്തുകഴിഞ്ഞിരുന്നു! യേശു പോയി കുറെ
ദിവസങ്ങൾ കഴിഞ്ഞിട്ട് പരിശുദ്ധാത്മാവാം ദൈവം വന്നു.

അത് ഇങ്ങനെയാണു സംഭവിച്ചത്. യേശുവിന്റെ അനുയായികളായ ഏകദേശം 120 പേർ ഒരു വീട്ടിൽ കൂടിയിരുന്ന് പ്രാർത്ഥിക്കുകയായിരുന്നു. പെട്ടെന്ന് ആ വീട്ടിലാകെ കൊടുങ്കാറ്റു വീശുന്നതുപോലെ ശബ്ദമുായി.



തീജ്വാലകൾപോലെ ഏതോ ഒന്ന് ഓരോരുത്തരുടെയും മേൽ വീണു. യേശു വാഗ്ദത്തം ചെയ്തതുപോലെ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു.



യേശുവിന്റെ അനുയായികൾ തങ്ങൾ ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷകൾ തെരുവുകളിൽ സംസാരിച്ചു. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് ശിഷ്യന്മാർ വിവിധ ഭാഷകളിൽ സംസാരിക്കുന്നത് യെരൂശലേം സന്ദർശിക്കുകയായിരുന്ന വിദേശീയർ
കേട്ടു.



ഈ സന്ദർശകർ അതിശയിച്ചുപോയി. “ഇതിന്റെ അർത്ഥം എന്തായിരിക്കും?” അവർ ചോദിച്ചു. “അവർ പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു,” മറ്റുചിലർ പരിഹസിച്ചു.



എന്നാൽ പത്രോസ് പറഞ്ഞു: “ഇവർ മദ്യം കുടിച്ചിട്ടില്ല... യോവേൽപ്രവാചകൻ പറഞ്ഞിട്ടുള്ളതാണ് ഇത്..”
എന്നിട്ട് പത്രോസ് അവരെ ഓർമിപ്പിച്ചു, ജനങ്ങളെ അനുഗ്രഹിക്കുവാനും സഹായിക്കുവാനും പരിശുദ്ധാത്മാവ് വരുമെന്ന് ദൈവം അനേക വർഷങ്ങൾക്കുമുമ്പ് വാഗ്ദത്തം ചെയ്തിരുന്നു.



ജനങ്ങൾ തങ്ങളുടെ പാപങ്ങളിൽനിന്ന് പിന്തിരിഞ്ഞ് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കണമെന്ന് പത്രൊസ് പറഞ്ഞു... “അപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന സമ്മാനം ലഭിക്കും.”



ഏകദേശം മൂവായിം പേർ അത് അനുസരിച്ചു.
യേശുവിന്റെ ആരാധകരായി അവർ ശിഷ്യന്മാരോട് ചേർന്നു.
പരിശുദ്ധാത്മാവ് വന്ന ദിവസം തുടങ്ങി സഭയിലേക്ക് ദൈവം
കൂടുതൽ കൂടുതൽ ആളുകളെ ചേർത്തുകൊിരുന്നു.



ദൈവത്തിന്റെ ജനത്തിലേക്ക് പരിശുദ്ധാത്മാവ്
തന്റെ ശക്തി പകർന്നുകൊടുത്തു. ഒരു ദിവസം
പത്രോസും യോഹന്നാനും പ്രാർത്ഥനയ്ക്കുള്ള
സമയത്ത് ദൈവാലയത്തിലേക്കു
പോയി. മുടന്തനായ ഒരു ഭിക്ഷക്കാരൻ
ദൈവാലയ വാതിൽക്കൽ ഇരുന്നിരുന്നു.
പത്രോസിനോടും യോഹന്നാനോടും
അവൻ പണം
ചോദിച്ചു.





അപ്പോൾ പത്രോസ് പറഞ്ഞു: “എന്റെ കയ്യിൽ വെള്ളിയോ സ്വർണ്ണമോ ഇല്ല; എന്നാൽ എനിക്കുള്ളത് നിനക്കു തരാം: നസറേത്തിലെ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക.” എന്നിട്ട് പത്രോസ് അയാളുടെ വലതുകൈ പിടിച്ച് എഴുന്നേൽപിച്ചു. അയാൾ ചാടിയെണീറ്റ് നടക്കാൻ തുടങ്ങി.

അയാൾ നടക്കുകയും ചാടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തുകൊ് ദൈവാലയത്തിലേക്ക് അവരോടൊപ്പം ചെന്നു.

അത്ഭുതസ്തബ്ദരായ ജനങ്ങൾ അവിടെ തടിച്ചുകൂടി. ഈ മുടന്തനെ സൗഖ്യമാക്കിയത് തന്റെ ശക്തിയല്ല, ദൈവത്തിന്റെ ശക്തിയാണെന്ന് പത്രൊസ് അവരോട് പറഞ്ഞു. ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന് കൂടിവന്ന യെഹൂദന്മാരെ ഓർമ്മിപ്പിച്ചപ്പോൾ ദൈവാലയത്തിലെ നേതാക്കന്മാർ ക്ഷുഭിതരായി.





പത്രോസിനെയും
യോഹന്നാനെയും
പിടിച്ച് തടവിലാക്കി.
എന്നിരുന്നാലും
ഏകദേശം അയ്യായിരം
പേർ യേശുവിൽ
വിശ്വസിച്ചു.

പിറ്റേദിവസം പത്രൊസും യോഹന്നാനും ദൈവാലയ നേതാക്കന്മാരുടെ മുമ്പിൽ നിന്നു. ഏതു ശക്തിയാലാണ് അല്ലെങ്കിൽ ആരുടെ നാമത്തിലാണ് നിങ്ങൾ ഈ അത്ഭുതം ചെയ്തത്. നേതാക്കന്മാർ ചോദിച്ചു.



പത്രൊസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ധീരമായി ഉത്തരം കൊടുത്തു: “നിങ്ങൾ ക്രൂശിച്ച നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്. ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപിച്ചു.”





നിർഭയനായി പത്രൊസ് തുടർന്നു: ...“ആകാശത്തിനുകീഴിൽ മനുഷ്യരെ രക്ഷിക്കാൻ ഒരേയൊരു നാമം അവന്റേതാണ്.”

ജനങ്ങൾ യേശുവിൽ വിശ്വസിക്കാതിരിക്കണമെന്നു കരുതി ഈ നേതാക്കന്മാർ പത്രൊസിനെയും യോഹന്നാനെയും ശക്തമായി ഭീഷണിപ്പെടുത്തി.

ഇനിമുതൽ യേശുവിന്റെ നാമത്തിൽ ഒരു മനുഷ്യനോടും സംസാരിച്ചുപോകരുത്.



യേശുവിനുവേി
സംസാരിക്കാൻ
ഒരിക്കൽ
പത്രൊസിന്
ഭയമായിരുന്നു.
എന്നാൽ
അത്
പരിശുദ്ധാത്മാവ്
വരുന്നതിന്
മുമ്പായിരുന്നു.
ഇപ്പോൾ
ആർക്കുമവനെ
ഭീഷണിപ്പെടുത്താനാവില്ല.



പത്രൊാസും യോഹന്നാനും മറുപടി
പറഞ്ഞു: "ജഡ്ജിയേ,
ഞങ്ങൾ ദൈവത്തെ
അനുസരിക്കുന്നതാണോ
താങ്കളെ
അനുസരിക്കുന്നതാണോ
ദൈവമുമ്പാകെ
ശരി. ഞങ്ങൾ
കതും
കേട്ടതുമൊക്കെ
ഞങ്ങൾക്ക്
പ്രസംഗിച്ചേ
പറ്റൂ."

കൂടുതൽ
ഭീഷണിപ്പെടുത്തിയശേഷം
നേതാക്കന്മാർ
പത്രൊസിനെയും
യോഹന്നാനെയും
വിട്ടയച്ചു.
ദൈവത്തിന്റെ
ഈ ധീരരായ
ദാസന്മാർ തങ്ങളുടെ
സുഹൃത്തുക്കളോട്
ജയിലിൽ കിടന്നതും
കോടതിയിൽ
നിന്നതും പറഞ്ഞു.



അപ്പോൾ
അവരെല്ലാംകൂടെ
പ്രാർത്ഥനയുടെയും
സ്തോത്രത്തിന്റെയും
ഒരു യോഗം
നടത്തി. വീും
ദൈവത്തിന്റെ
പരിശുദ്ധാത്മാവ്
തന്റെ ജനങ്ങളെ
ശക്തിയാൽ നിറച്ചു.
ആദിമ സഭ വളർന്നു
വളർന്നു വന്നു.



സഭയുടെ ജനനം

# ദൈവവചനത്തില് നിന്നും ഒരു കഥ.

# ബൈബിളില് നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തികൾ 1–4

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങള്ക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു.യേശു മരണത്തില്നിന്നും ഉയിര്ത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16